9

## ചങ്ങാത്തം

“ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട.” ഇത് പണ്ടുകാലം മുതൽ ആളുകൾ പറഞ്ഞു വരുന്നതാണ്. കൂട്ടുകാരൻ വിശ്വസ്തനും ഗുണകാംക്ഷിയുമാകണം എന്നർഥം.

നാം കൂട്ടുകാരെ തിരഞ്ഞെടുക്കുമ്പോൾ അവൻ നല്ലവനാണോ എന്ന് പ്രത്യേകം ശ്രദ്ധിക്കണം. നല്ലവരുമായാണ് നാം കൂട്ടുകൂടുന്നതെങ്കിൽ നാം നല്ലവരായി മാറും. ചീത്ത കൂട്ടുകാരാണ് നമുക്കുള്ളതെങ്കിൽ നാം അറിയാതെ ചീത്തയാകും. അത് നമ്മുടെ പഠനത്തെയും ഭാവിയെയും നശിപ്പിക്കും.

ചന്ദനം ചാരിയാൽ ചന്ദനം വാസനിക്കും. ചാണകം ചാരിയാൽ ചാണകം മണക്കും എന്ന് കേട്ടിട്ടില്ലേ? അതുതന്നെയാണ് കൂട്ടുകെട്ടിൻെറയും കാര്യം.

നമ്മുടെ സ്വഭാവം നന്നാകുന്നതിലും ചീത്തയാകുന്നതിലും ചങ്ങാതിമാരുടെ പങ്ക് വലുതാണ്. പുകവലിക്കാരും മോഷ്ടിക്കുന്നവരും പഠനത്തിൽ ശ്രദ്ധിക്കാത്തവരും അച്ചടക്കമില്ലാത്തവരും അനുസരണമില്ലാത്തവരുമാണ് നമ്മുടെ കൂട്ടുകാരെങ്കിൽ നാം ക്രമേണ അവരെപ്പോലെയായി മാറും. അതോടെ നാം നമ്മുടെ മാതാപിതാക്കൾക്കും മറ്റുള്ളവർക്കും തലവേദനയായി മാറും. ആളുകൾ നമ്മെ ഇഷ്ടപ്പെടില്ല. അതാകട്ടെ ദൈവം ഇഷ്പ്പെടാത്ത കാര്യവുമാണ്.

സൂക്ഷിച്ചുവേണം കൂട്ടുകാരെ തിരഞ്ഞെടുക്കാൻ. വേഷം കൊണ്ട് ആരെയും വിശ്വസിക്കരുത്. ഒരാളെ കണ്ടാൽ ആദ്യം അവൻെറ പെരുമാറ്റരീതിയും സ്വഭാവവും ശരിക്ക് മനസ്സിലാക്കുക. അവൻ നല്ലവനാണെങ്കിൽ മാത്രം അടുക്കുക. അല്ലെങ്കിൽ അവനെ പാട്ടിന് വിടുക.

സത്യസന്ധരും സൽസ്വഭാവികളും നന്നായി പഠിക്കുന്നവരും അനുസരണശീലരുമായ കുട്ടികളെ മാത്രം നാം സുഹൃത്തായി സ്വീകരിക്കുക. അതാണ് നമ്മുടെ ഭാവിക്ക് നല്ലത്.

വിശ്വസിക്കാൻ കൊള്ളുന്നവനാകണം കൂട്ടുകാരൻ. നമ്മുടെ കുറവുകൾ നമുക്ക് പറഞ്ഞുതരികയും അത് തിരുത്തുന്നതിൽ ശ്രദ്ധിക്കുന്നവനുമാകണം. നമ്മുടെ അഭാവത്തിൽ നമ്മുടെ അഭിമാനം സൂക്ഷിക്കുന്നവനാകണം. നമ്മോട് ഗുണകാംക്ഷ വേണം. ആരെങ്കിലും നമ്മെ കുറ്റം പറഞ്ഞാൽ അത് തിരുത്തണം. അതിനാണ് ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ടാ എന്നു പറഞ്ഞത്. ഒരു കണ്ണാടി നമ്മുടെ മുഖത്തുള്ളതെല്ലാം അതേപടി നമുക്ക് കാണിച്ചുതരില്ലേ? അതാണ് കൂട്ടുകാരൻെറ ജോലി.

സമ്പത്തിലും വസ്ത്രത്തിലും ശരീരഗുണത്തിലുമല്ല ചങ്ങാത്തം. സ്വഭാവഗുണങ്ങളിലാണ്.